(ഡി) കോട്ടയം ജില്ലാ വിനോദ സഞ്ചാര വികസന സഹകരണ സംഘത്തിൽ 3,46,62.415 രൂപയുടെ ധന ദുർവിനിയോഗം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

നീതി സ്റ്റോറുകളിലെ വില നിലവാരം

114 (266) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നീതി സ്റ്റോറിലെ സാധനങ്ങൾക്ക് കമ്പോള വിലയേക്കാൾ നിരക്ക് കൂടുതലാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നീതി സ്റ്റോറിലെ പ്രധാന ഇനങ്ങളിലെ വിലനിരക്കും പൊതു കമ്പോളത്തിലെ വില നിരക്കും എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ഡി) നീതി സ്റ്റോർ മുഖേനയുള്ള പാചക ഗ്യാസ് വിതരണം നിർത്തി വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഇത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1040 എണ്ണം.

(ബി) ഇല്ല.

(സി) നീതി സ്റ്റോറിലെ പ്രധാന ഇനങ്ങളുടെ വിലയും പൊതു മാർക്കറ്റിലെ ഇവയുടെ വിലയും ചുവടെ ചേർക്കുന്നു.

	നീതി സ്റ്റോറിലെ വില കി.ഗ്രാമിന്	പൊതുമാർക്കറ്റിലെ വില കി.ഗ്രാമിന്
അരി സ്വർണ്ണ മയൂരി	11.00 രൂപ	11.00 മുതൽ 11.50 വരെ
" 1001	11.40 "	11.50 മുതൽ 12.00 വരെ
" മട്ട	12.80 "	13 മുതൽ 14 വരെ
" ക്രാന്തി	12.80 "	13 മുതൽ 13.50 വരെ
" കുറുവ	12.90 "	13.50
" അരി ജയ	13.30 "	13.50
പഞ്ചസാര	15.00 "	15.00
കേര വെളിച്ചെണ്ണ	49.00 "	53.00
മുളക്	36.00 "	40.00
ചെറുപയർ അൺപോളിഷ്ഡ്	26.00 "	26.50 (24.50 ഇംപോർട്ട്)

LIBRARY ARCHIVES Kerala Legislative Assembly

			(24.50 ഇംപോർട്ട്)
ചെറുപയർപോളിഷ്ഡ്	29.00	"	29.50
തുവരപരിപ്പ്	30.00	"	32.00
തുവരപരിപ്പ് (2)	-		28.00

കമ്പോളത്തിലെ വില വർദ്ധനവിനെതിരെ പിടിച്ചു നിൽക്കുന്നതിന് കൂടിയാണ് നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നത്.

(ഡി) നീതി സ്റ്റോർ മുഖേനയുള്ള പാചക ഗ്യാസ് വിതരണം നിർവഹിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ രണ്ട് മാസമായി പാചക വാതക വിതരണം ചില ജില്ലകളിൽ മുൻ നിശ്ചയിച്ച പ്രകാരം ഉള്ള തീയതികളിൽ നടന്നിട്ടില്ല.

(ഇ) നീതിസ്റ്റോറുകൾ വഴിയുള്ള പാചക വാതക വിതരണം നിശ്ചിത തീയതികളിൽ റൂട്ട് പ്ലാൻ അനുസരിച്ച് തന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഫെഡറേഷൻ ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

20-6-2000-ലെ താഴെ കാണുന്ന നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

ചോദ്യം നമ്പർ 167, 169, 205, 206.

II അറിയിപ്പ്

റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബിജോൺ)ക്ക് റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്) എന്ന പേരിൽ നിയമസഭാ കക്ഷിയായി അംഗീകാരം.

മി. സ്പീക്കർ: ഓർഡർ ... ഓർഡർ .... (ബഹളം) ഇത് വായിക്കുന്നതിന് മുമ്പ്

പ്രതികരിക്കാതിരിക്കൂ. എന്താ ഇത് ?

റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) യെ 'റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്)' എന്ന പേരിൽ ഇലക്ഷൻ കമ്മിഷൻ അംഗീകരിച്ചിരിക്കുന്നുവെന്നും അതിനാൽ റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) നിയമസഭാ കക്ഷിയെ, റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്) നിയമസഭാകക്ഷി എന്ന പേരിൽ അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) നിയമസഭാ കക്ഷി നേതാവ് ശ്രീ. ബേബി ജോൺ 2000 ജൂൺ 12-ാം തീയതി ചെയറിന് ഒരു കത്ത് നൽകിയിരുന്നു. റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്) രജിസ്ട്രേഷൻ അപേക്ഷ അംഗീകരിച്ചുകൊണ്ടുള്ള 2000 മേയ് 19-ാം തീയതിയിലെ ഇലക്ഷൻ കമ്മിഷന്റെ

LIBRARY ARCHIVES Kerala Legislative Assembly